LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ യജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പാക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ വിദ്യാഭ്യാസ ശാക്തീകരണത്തിനായി ഒരു നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. പാഠപുസ്തകം ലഭ്യമാക്കുന്നതുപോലെ കുട്ടികൾക്ക് ഓൺലൈൻ ഉപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഓൺലൈൻ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ജനകീയ ക്യാമ്പയിൻ 'വിദ്യാകിരണം' എന്ന പേരിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഭാഗമായി 'ചീഫ് മിനിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ 'എംപവർമെൻറ് ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക അക്കൗണ്ടും അതുമായി ബന്ധപ്പെട്ട് പോർട്ടലും (https://vidyakiranam.kerala.gov.in) തയ്യാറാക്കിയിട്ടുണ്ട് .

(സി) എങ്കിൽ പ്രസ്തുത നിധിയിൽ നിന്നുള്ള ധനസഹായം ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത അർഹരായ കുട്ടികളെ കണ്ടെത്തി അവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണുദ്ദേശിക്കുന്നത്.

(ഡി) ഫണ്ടിലേയ്ക്ക് ധനസമാഹരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വ്യക്തികൾ, കമ്പനികൾ, സംഘടനകൾ തുടങ്ങിയവർക്ക് കുട്ടികൾക്കോ, സ്കൂളുകൾക്കോ https://vidyakiranam.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സഹായം നൽകാവുന്നതാണ്.

കെ-റെയിൽ പദ്ധതി

18 (4741) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അന്തിമ അലൈൻമെന്റ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; കെ-റെയിൽ പദ്ധതിയുടെ പേരിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന അനാവശ്യ ആശങ്ക പരിഹരിക്കുന്നതിനുള്ള പ്രചരണ മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അലൈൻമെന്റ് വിശദ പദ്ധതി റിപ്പോർട്ടിനോടൊപ്പം സർക്കാരിന് ലഭിച്ചിരുന്നു. ഈ അലൈൻമെൻറും വിശദ പഠന റിപ്പോർട്ടും സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും ഭരണ വകുപ്പിന്റെ ഉത്തരവോടുകൂടി പ്രസ്തുത രൂപരേഖ റെയിൽ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കെ-റെയിൽ പദ്ധതിയെക്കുറിച്ച് ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംശയങ്ങളും ദൂരീകരിക്കുന്നതിന് സർക്കാരും കെ-റെയിലും സന്നദ്ധരാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) ആക്ട് അനുസരിച്ചുള്ള പബ്ലിക്ക് ഹിയറിങ്ങും എസ്.ഐ.എ. അടക്കമുള്ള എല്ലാ നടപടിക്രമങ്ങളും കേന്ദ്ര അനുമതി ലഭിക്കുന്നമുറക്ക് നടത്തുന്നതാണ്. ഇതുകൂടാതെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും മീറ്റിംഗുകളിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നുമുണ്ട്.

വയനാട് പാക്കേജിലെ പദ്ധതികൾ

19 (4742) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) നിലവിൽ വയനാട് പാക്കേജുമായി ബന്ധപ്പെട്ട് നടക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

വയനാട് പാക്കേജിനായി 2021-22 ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ, 2021-22 ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ബ്രഹ്മഗിരി പ്ലാന്റ് വിപുലപ്പെടുത്തുന്നതിന് ബ്രഹ്മഗിരി സൊസൈറ്റിക്ക് അടിയന്തര സഹായം നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിച്ചുകൊണ്ട് "2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) (ഡിമാന്റ് നമ്പർ XXIX-കൃഷി)" എന്ന ശീർഷകവും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സർക്കാർ വിഹിതം സംബന്ധിച്ച ചെലവും വയനാട് കാപ്പിയുടെ വെൻഡിംഗ്